(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) നടപടികൾ പൂർത്തീകരിച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് തുടങ്ങുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) എം.എൽ.എ. മാരുടെ ഒരു കോടി രൂപ പദ്ധതിയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയിൽ ചാലക്കുടി മത്സ്യ മാർക്കറ്റിലേക്കുള്ള ഏകദേശം 100 മീറ്റർ നീളത്തിൽ കാനയും ഫുട്പാത്തും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപികൾ സ്വീകരിക്കുന്നതാണ്.

മണലൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി

159 (2259) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം റോഡുകളാണ് അറ്റകുറ്റപ്പണികൾക്കായി നിശ്ചയിച്ചിരിക്കുന്നത് ; വിശദാംശം അറിയിക്കാമോ ;

(ബി) ഈ റോഡുകളും എസ്റ്റിമേറ്റും സംബന്ധിച്ച സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) I അറ്റകുറ്റപ്പണികൾ

1. താമരപ്പിള്ളി-ചൊവ്വല്ലൂർപടി റോഡ്

2. പാവറട്ടി-പാലുവായ് റോഡ്

3. തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് (കിലോമീറ്റർ 4/000 മുതൽ 5/000 വരെ)

4. തൃപ്രയാർ - കാഞ്ഞാണി- ചാവക്കാട് റോഡ് (കി.മീറ്റർ 6/000 മുതൽ 9/000 വരെ)

5. കാരമുക്ക്-പാലാഴി റോഡ്

II ഉപരിതലം മിനുസപ്പെടുത്തൽ (ചിപ്പിംഗ് കാർപ്പറ്റ് പ്രവൃത്തി)

1. താമരപ്പിള്ളി-ചൊവ്വല്ലൂർപടി റോഡ് കി.മീറ്റർ 0/000 മുതൽ 0/900 വരെയും

കി.മീറ്റർ1/000 മുതൽ 2/000 വരെയും

കി.മീറ്റർ 4/960 മുതൽ 5/760 വരെയും

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

പ്രവൃത്തി	എസ്റ്റിമേറ്റ് തുക
1. താമരപ്പിള്ളി-ചൊവ്വല്ലൂർ റോഡ് (അറ്റകുറ്റപ്പണികൾ-	3.00 ലക്ഷം
2. അറ്റകുറ്റപ്പണികൾ- പാവറട്ടി- പാലുവായ് റോഡ്	3.00 ലക്ഷം
3. അറ്റകുറ്റപ്പണികൾ-തൃപ്രയാർ- കാഞ്ഞാണി-ചാവക്കാട് റോഡ് (കി.മീറ്റർ 4/000 മുതൽ 5/000 വരെ)	3.00 ലക്ഷം
4. അറ്റകുറ്റപ്പണികൾ-തൃപ്രയാർ- കാഞ്ഞാണി-ചാവക്കാട് റോഡ് (കി.മീറ്റർ 6/000 മുതൽ 9/000 വരെ)	3.00 ലക്ഷം
5. അറ്റകുറ്റപ്പണികൾ-കാരമുക്ക്-പാലാഴി റോഡ് (കിമീറ്റർ 4/000 മുതൽ 5/000 വരെ)	2.00 ലക്ഷം
6. താമരപ്പിള്ളി-ചൊവ്വല്ലൂർ പടി റോഡിൽ കി.മീറ്റർ 0/000 മുതൽ 0/900 വരെയും കി.മീറ്റർ 1/000 മുതൽ 2/000 വരെയും കി.മീറ്റർ 4/960 മുതൽ 5/760 വരെയും 20-ാം ചിപ്പിംഗ് കാർപ്പറ്റ് പ്രവൃത്തി	39 ലക്ഷം

തൃശ്ശൂർ വാടാനപ്പള്ളി റോഡ് സ്റ്റേറ്റ് ഹൈവെ ആക്കി ഉയർത്തുന്നതിന് നടപടി

180 (2260) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മൂന്നു നിയമസഭാ മണ്ഡലങ്ങളെത്തമ്മിൽ ബന്ധിപ്പിക്കുന്ന തൃശ്ശൂർ-വാടാനപ്പള്ളി റോഡ് സ്റ്റേറ്റ് ഹൈവേയായി ഉയർത്തുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധമായി നാറ്റ്പാക്ക് നൽകിയ റീ അലൈൻമെന്റ് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ മരാമത്ത് വകുപ്പിൽനിന്നും റോഡ്സ് & ബ്രിഡ്ജസ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്തു ലഭിച്ചിരുന്നുവോ ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് വകുപ്പിന് റിപ്പോർട്ട് നൽകിയോ ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനു കാരണമെന്തെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി-ഡി) ഇക്കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly